**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 5881 04.11.2016 -ൽ മറുപടിക്ക്**

## സർവ്വീസ് റോഡ് നിർമ്മാണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ സ്വാതിജംഗ്ഷൻ മുതൽ നെല്ലിയാം കുന്ന് വരെ ദേശീയ പാതയിൽ സർവ്വീസ് റോഡ് ഇല്ലാത്തതിനാൽ വാന്നൂർ, കീഴ്പാടം, മരുതംകാട്, പൊട്ടിമട, കേരളപറമ്പ് പ്രദേശങ്ങളിലെ പതിനായിരത്തോളം കുടുംബങ്ങൾ യാത്രാബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) & (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NH 47 വാളയാർ മുതൽ വടക്കാഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് (NHAI) നടപ്പിലാക്കിയത്. കൺസഷൻ എഗ്രിമെന്റ് പ്രകാരം സ്വാതി ജംഗ്ഷൻ മുതൽ നെല്ലിയാംകുന്ന് വരെയുള്ള ദേശീയപാതയിൽ സർവ്വീസ് റോഡിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുമെന്നാണ് (NHAI) അധികൃതർ അറിയിച്ചിരിക്കുന്നത്. |
| (ബി) പ്രസ്തുത സർവ്വീസ് റോഡ് നിർമ്മിച്ച് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (സി) സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ ആരംഭിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**